

ജൈവവൈവിധ്യ സംരക്ഷണം-6

# ദേശീയ ഉദ്യാനങ്ങൾ

**ഡോ. കെ കിഷോർ കുമാർ**

ഇനി നമുക്ക് കേരളത്തിലെ കാര്യമെടുക്കാം. നമുക്ക് ആറ് ദേശീയോദ്യാനങ്ങളാണുള്ളത് *(പട്ടിക 5)*. ഇതിൽ ഏറ്റവും പഴക്കമേറിയത് 1978ൽ സ്ഥാപിതമായ ഇരവികുളം ദേശീയോദ്യാനമാണ്. 1975ൽ പ്രഖ്യാപിതമായ ഇരവികുളം വന്യജീവി സങ്കേതമാണ് ജൈവവൈവിധ്യ പാരിസ്ഥിതിക-ഭൗമ സവിശേഷതകൾ കണക്കിലെടുത്ത് മൂന്ന് വർഷത്തിനു ശേഷം ദേശീയോദ്യാനത്തിന്റെ നിരയിലേക്ക് ഉയർത്തിയത്. മുമ്പ് സൂചിപ്പിച്ച പോലെ അത്യപൂർവ സസ്തനിയായ വരയാടുകളുടേയും (Rock Goat), അപൂർവ സസ്യമായ നീലക്കുറിഞ്ഞിയുടേയും കേന്ദ്രമാണിത്.

1982ൽ, പെരിയാർ വന്യജീവി സങ്കേതത്തിന്റെ കേന്ദ്രഭാഗമായ (Core Zone) 350 ച.കി.മീ. പ്രദേശം നാഷണൽ പാർക്കായി പ്രഖ്യാപിക്കപ്പെട്ടു. അത്യധികം ജൈവസമ്പന്നമായ ഈ മേഖല ഇന്ന് ഒരു കടുവാ സങ്കേതം കൂടിയാണ്.

1984ലാണ് പരിസ്ഥിതി സംരക്ഷണ രംഗത്ത് ലോകപ്രസിദ്ധമായൊരു ജനകീയ മുന്നേറ്റത്തിന് തുടക്കം കുറിച്ചു കൊണ്ട് സൈലന്റ്‌വാലി ദേശീയോദ്യാനം സ്ഥാപിതമായത്. 'നിശ്ശബ്ദ താഴ്‌വര' എന്നർഥം വരുന്ന ഈ കന്യാവനം 'സിംഹവാലൻ കുരങ്ങുകളുടെ' കേന്ദ്രമെന്ന രീതിയിലും പ്രസിദ്ധമാണ്. സൈലന്റ്‌വാലി രൂപീകരണത്തിന്റെ ഒരു വർഷത്തോളം നീണ്ടുനിന്ന സിൽവർ ജൂബിലി (25-ാം വർഷം) ആഘോഷങ്ങൾ കഴിഞ്ഞ വർഷമാണല്ലോ പൂർത്തിയായത്.

2003ലാണ് മറ്റു മൂന്ന് ദേശീയോദ്യാനങ്ങളായ ആനമുടി ചോല, മതികെട്ടാൻ ചോല, പാമ്പാടും ചോല എന്നീ ദേശീയോദ്യാനങ്ങൾ രൂപീകൃതമായത്. ഉയരമേ



*വരയാട്*



*സിംഹവാലൻ കുരങ്ങ്*

United Nations Decade on Biodiversity

**പട്ടിക 5**

**കേരളത്തിലെ ദേശീയോദ്യാനങ്ങൾ**

| | ദേശീയോദ്യാനത്തിന്റേ പേര് | ജില്ല | വിസ്തീർണം | വിജ്ഞാപനവർഷം |
|---|---|---|---|---|
| 1 | ഇരവികുളം | ഇടുക്കി | 97.00 | 1978 |
| 2 | പെരിയാർ | ഇടുക്കി | 350.00 | 1982 |
| 3 | സൈലന്റ്‌വാലി | പാലക്കാട് | 237.52 | 1984 |
| 4 | ആനമുടി ചോല (മന്നവൻ, ഇടിവാര, പുല്ലാരടി എന്നീ ചോലകൾ ചേർന്നത്) | ഇടുക്കി | 7.50 | 2003 |
| 5 | പാമ്പാടും ചോല | ഇടുക്കി | 1.32 | 2003 |
| 6 | മതികെട്ടാൻ ചോല | ഇടുക്കി | 12.82 | 2003 |
| | | **ആകെ:** | **706.16** | |



*ഇരവികുളത്തെ ചോലവനങ്ങൾ (പുറകിൽ ആനമുടി)*



*ആനമുടി ചോല*

റിയ മലനിരകളിൽ സ്ഥിതിചെയ്യുന്നു എന്നതു കൊണ്ടും, പുഴകളുടെ ഉത്ഭവസ്ഥാനങ്ങളായ 'ചോല' വനങ്ങളാണ് ഇവിടെ പ്രധാനമായും ഉള്ളത് എന്നതിനാലാണ് ഇവയുടെ പേരുകളിൽ 'ചോല' എന്ന വാക്ക് ചേർന്നിരിക്കുന്നത്. അധികം പൊക്കം വയ്ക്കാത്ത കുള്ളന്മാരായ നിത്യഹരിത വൃക്ഷങ്ങളാണ് മലമുകളിലെ ഇത്തരം ചോലവനങ്ങളിൽ കാണപ്പെടുന്നത്.

ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം 'ആനമുടി ചോല'യിലല്ല ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ കൊടുമുടിയായ 'ആനമുടി' (2695 മീ.) സ്ഥിതിചെയ്യുന്നത് എന്നതാണ്! ആനമുടി തൊട്ടടുത്തു തന്നെ സ്ഥിതിചെയ്യുന്ന ഇരവികുളം ദേശീയോദ്യാനത്തിലാണ്. പക്ഷേ ആനമുടി ചോലയിലാണ് 'ചോലവനങ്ങളുടെ രാജാവ്' എന്നറിയപ്പെടുന്ന ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ചോലവനമായ 'മന്നവൻ ചോല' (മന്നവൻ=രാജാവ്) സ്ഥിതിചെയ്യുന്നത്.

കേരളത്തിലെ ദേശീയോദ്യാനങ്ങളിൽ ഏറ്റവും വലുത് പെരിയാറാണ് (350 ച. കി. മീ). രണ്ടാം സ്ഥാനം സൈലന്റ്‌വാലിക്കും (237.52 ച.കി.മീ) മൂന്നാം സ്ഥാനം ഇരവികുളത്തിനുമാണ് (97 ച.കി.മീ). ഏറ്റവും ചെറിയ ദേശീയോദ്യാനമായ പാമ്പാടും ചോലയ്ക്ക് വെറും 1.318 ച.കി.മീ വിസ്തൃതിയേയുള്ളൂ. ഈ ആറ് ദേശീയോദ്യാനങ്ങളും ചേർന്ന് മൊത്തം 706.16 ച.കി. വിസ്തൃതിയുണ്ട്.

ഭാരതത്തിലേയും കേരളത്തിലേയും പ്രമുഖങ്ങളായ ദേശീയോദ്യാനങ്ങളെ നമ്മൾ ഏതാണ്ട് പരിചയപ്പെട്ടു കഴിഞ്ഞു. ഇനി നമുക്ക് ലോകത്തിലെ പ്രശസ്തമായ ചില ദേശീയോദ്യാനങ്ങളെ കൂടി പരിചയപ്പെടണ്ടേ?

*(അത് അടുത്ത ലക്കത്തിൽ തുടരും)*



*മന്നവൻ ചോല*